(സി) രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) രണ്ടാം ഘട്ടത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'ഓപ്പറേഷൻ അനന്ത' ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്.

(ബി) പണി പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിന്റെ നിലവാര റിപ്പോർട്ടും രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) സർക്കാരിന്റെ പരിഗണനയിലാണ്.

## നികുതി അടയ്ക്കാനായി കൈവശ അധികാരമോ പട്ടയമോ ലഭിക്കാതെയുള്ളവർ

235 (2806) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു/വീട് ഉടമകളായവരിൽ നികുതി അടയ്ക്കാനായി കൈവശ അധികാരമോ പട്ടയമോ ലഭിക്കാതെയുള്ളവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ കാണം/പെറുമ്പാട്ട തീറാധാരം എന്നീ കാരണങ്ങളാൽ വസ്തു ഉടമകൾക്ക് പട്ടയമോ കൈവശ അധികാരമോ ലഭിക്കാനുള്ളതും ഭൂനികുതി ഒടുക്കുന്നതിനുമായി എത്ര അപേക്ഷകൾ വിവിധ താലൂക്ക്/വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ട്; ആയതിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) വസ്തു ഉടമകൾക്ക് അപേക്ഷ നൽകിയാൽ വേഗത്തിൽ അവ നൽകുവാനും, അതിന് കഴിയാത്തവർക്ക് രേഖാമൂലം നിശ്ചിത സമയപരിധി നിർണ്ണയിച്ച് മറുപടി നൽകുവാനും, കോടതി വ്യവഹാരമുൾപ്പെടെയുള്ള മേൽനടപടികൾക്ക് സാഹചര്യം നൽകുവാനും എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) ക്രയ സർട്ടിഫിക്കറ്റിനും ജന്മം കൈവശാധികാരത്തിനുമായി ലാൻഡ് ട്രിബ്യൂണലുകളിൽ സമർപ്പിക്കപ്പെട്ടതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 474 |
| കൊല്ലം | 448 |
| പത്തനംതിട്ട | 129 |
| ആലപ്പുഴ | 935 |
| ഇടുക്കി | 410 |
| കോട്ടയം | 427 |
| എറണാകുളം | 2589 |
| തൃശ്ശൂർ | 39307 |
| പാലക്കാട് | 34478 |
| മലപ്പുറം | 25674 |
| കോഴിക്കോട് | 10712 |
| വയനാട് | 1083 |
| കണ്ണൂർ | 21085 |
| കാസർഗോഡ് | 1505 |
| ആകെ | 139256 |

പുറമ്പോക്കിലും മറ്റും ഉൾപ്പെട്ടതോ, വ്യക്തമായ അവകാശ രേഖകളില്ലാതെയോ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽനിന്നും നികുതി അടയ്ക്കാനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്ക് ജില്ലകളിൽനിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

(ബി) പാലക്കാട് ജില്ലയിൽ കാണം, വെറുമ്പാട്ടം തുടങ്ങി വിവിധ തരം കുടിയായ്മ പ്രകാരം വസ്തു ഉടമകളായിട്ടുള്ളവർ ക്രയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും നികുതി ഒടുക്കുന്നതിന്റെ ഭാഗമായി ജന്മാവകാശം ലഭിക്കുന്നതിനുമായി ലാൻഡ് ട്രൈബ്യൂണലുകളിലാണ് അപേക്ഷ സമർപ്പിക്കുന്നത്. പാലക്കാട് ജില്ലയിൽ 2

LIBRARY ARCHIVES Kerala Legislative Assembly

ലാൻഡ് ട്രൈബ്യൂണലുകളും 7 അധിക ചുമതല നൽകിയ ലാൻഡ് ട്രൈബ്യൂണലുകളും ഒരു ദേവസ്വം ട്രൈബ്യൂണലുമാണ് ഉള്ളത്. അവിടെ 1-8-2017-ൽ പെൻഡിംഗിലുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു. ആയതിൽ നിയമാനുസൃതമായ നടപടി സ്വീകരിച്ച് തീർപ്പാക്കിവരുന്നു. കേസ് തീർപ്പാക്കുന്നത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണൽ | : | 10555 |
| പാലക്കാട് ലാൻഡ് ട്രൈബ്യൂണൽ | : | 3814 |
| സ്പെഷ്യൽ തഹസിൽദാർ | | |
| എൽ. എ. ജനറൽ - I | : | 2610 |
| എൽ. എ. ജനറൽ - II | : | 2665 |
| കിൻഫ്ര പാലക്കാട് | : | 2688 |
| പി.എ.ആർ. ഇറിഗേഷൻ | : | 2743 |
| ആർ.ആർ. പാലക്കാട് | : | 496 |
| ആർ.ആർ. ചിറ്റൂർ | : | 225 |
| ദേവസ്വം ട്രൈബ്യൂണൽ | : | 8682 |
| ആകെ | : | 34478 |

(സി) കേരള ഭൂപരിഷ്കരണ നിയമം പ്രകാരം 1-4-1964 മുതലുള്ള നടപ്പു കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ക്രയ സർട്ടിഫിക്കറ്റിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 1-4-1964-ൽ കുടിയായ്മ തെളിയിക്കുന്ന രേഖകളുടെ വെളിച്ചത്തിലാണ് അപേക്ഷകൾ തീർപ്പാക്കുന്നത്. രേഖകളുടെ അഭാവത്തിലാണ് കേസ് തീർപ്പാക്കൽ വൈകുന്നത്. അപേക്ഷകർക്ക് കേസ് പോസ്റ്റ് ചെയ്തിരിക്കുന്ന തീയതി സംബന്ധിച്ചും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ചും അറിയിപ്പ് നൽകുന്നുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഓരോ ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് ലാൻഡ് ബോർഡിൽ നിന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പരാതിയുള്ള അപേക്ഷകർക്ക് അപ്പീൽ നൽകാനും കോടതിയിൽ പോകാനും നിയമപ്രകാരം അധികാരമുണ്ട്. വ്യക്തമായ രേഖകളില്ലാതെ വസ്തു കൈവശം വച്ചിരിക്കുന്നവർക്ക് മുൻ സർവ്വേ റിക്കാർഡുകളും, വില്ലേജ് രേഖകളും പരിശോധിച്ചശേഷം സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കേസുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly